"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - എലത്തൂർ നിയോജക മണ്ഡലം - നിയോജക മണ്ഡലം ആസ്തി വികസന പദ്ധതി - 2016 -17 - 'രാമല്ലൂർ കാക്കൂർ തോടിനു കുറുകെ പാലവും അപ്പ്രോച്ച് റോഡു നിർമ്മാണവും' എന്ന പ്രവർത്തിക്കു 50 ലക്ഷം രൂപയുടെ ഭരണാനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഡിഎ) വകുപ്പ്**

**സ.ഉ.(സാധാ) നം.2831/2019/തസ്വഭവ** തീയതി,തിരുവനന്തപുരം, 12/12/2019

---

പരാമർശം:- 1 തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എൻജിനീയറുടെ 19.08.2019 ലെ ഡിബി4/11321/19/സിഇ/എൽഎസ്ജിഡി നം കത്ത്.

2 ബഹു. എലത്തൂർ എം.എൽ.എ -യും ഗതാഗത വകുപ്പ് മന്ത്രിയുമായ ശ്രീ എ . കെ . ശശീന്ദ്രൻ അവർകളുടെ 14.08.2019 - ലെ കത്ത്

3 സ.ഉ.( സാധാ) നം. 8648/2019/ധന, തീയതി 02.11.2019.

**ഉത്തരവ്**

കോഴിക്കോട് ജില്ലയിലെ എലത്തൂർ നിയോജക മണ്ഡലത്തിൽ 2016 - 17 നിയോജക മണ്ഡലം ആസ്തി വികസന ഫണ്ടിൽ ഉൾപ്പെടുത്തി, 'രാമല്ലൂർ കാക്കൂർ തോടിനു കുറുകെ പാലവും അപ്പ്രോച്ച് റോഡു നിർമ്മാണവും' എന്ന പ്രവർത്തിക്കു 50 ലക്ഷം രൂപ അനുവദിച്ചിരുന്നുവെന്നും ടി പ്രവർത്തി നിർമ്മിക്കാനുദ്ദേശിക്കുന്ന സ്ഥലം മൈനർ ഇറിഗേഷനു കീഴിൽ വരുന്നതിനാൽ, പ്രവർത്തി നടപ്പിലാക്കാനുള്ള അനുമതിക്കും സ്ഥലം വിട്ടുകിട്ടുന്നതിനും കാലതാമസം ഉണ്ടായിട്ടുണ്ടെന്നും ആയതിനാൽ മേൽ പ്രവൃത്തിക്ക് 50 ലക്ഷം രൂപയുടെ ഭരണാനുമതി ലഭ്യമാക്കണമെന്നും അഭ്യർത്ഥിച്ച് കൊണ്ടുള്ള എലത്തൂർ നിയോജക മണ്ഡലം എം.എൽ.എ. യും ബഹു. ഗതാഗത വകുപ്പ് മന്ത്രിയുമായ ശ്രീ എ.കെ. ശശീന്ദ്രൻ അവർകളുടെ പരാമർശം (2) കത്ത്, ഡി.പി.ആർ മറ്റ് അനുബന്ധ രേഖകൾ ഉൾപ്പടെ, പരാമർശം (1) പ്രകാരം തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ സർക്കാരിലേക്ക് സമർപ്പിച്ചിരുന്നു. 'രാമല്ലൂർ കാക്കൂർ തോടിനു കുറുകെ

പാലവും അപ്പ്രോച്ച് റോഡു നിർമ്മാണവും' എന്ന പ്രവർത്തിക്കു ഭരണാനുമതി ലഭ്യമാക്കുന്നതിനായി എം.എൽ.എ. യുടെ 2016 -17 ആസ്തി വികസന ഫണ്ടിൽ നിന്നും 50 ലക്ഷം രൂപ വിനിയോഗിക്കാൻ പരാമർശം (3) പ്രകാരം ധനകാര്യ വകുപ്പ് പ്രത്യേകാനുമതി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

2. മേൽ വിഷയം സർക്കാർ വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ എലത്തൂർ നിയോജക മണ്ഡലത്തിലെ 'രാമല്ലൂർ കാക്കൂർ തോടിനു കുറുകെ പാലവും അപ്പ്രോച്ച് റോഡു നിർമ്മാണവും' എന്ന പ്രവർത്തിക്കു 50 ലക്ഷം രൂപയുടെ ഭരണാനുമതി നൽകി ഉത്തരവാകുന്നു. വകുപ്പ് സംബന്ധമായ നടപടി ക്രമങ്ങളും ആസ്തി വികസന പദ്ധതി സംബന്ധിച്ച നിബന്ധനകളും മേൽ പ്രവൃത്തിക്ക് പാലിക്കേണ്ടതാണ്.

3. ആയത് സംബന്ധിച്ച ചെലവ് 4515-00-800-96 Projects under LAC-ADS എന്ന ശീർഷകത്തിൽ നിന്നും വഹിക്കാവുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പാറ്റ്സി സ്റ്റീഫൻ
**ജോയിന്റ് സെക്രട്ടറി**

പകർപ്പ്
ശ്രീ എ.കെ. ശശീന്ദ്രൻ, ബഹു. ഗതാഗത വകുപ്പ് മന്ത്രിയും എലത്തൂർ നിയോജക മണ്ഡലം എം.എൽ.എ. യും
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്
എക്സിക്യൂട്ടീവ് എഞ്ചിനീയർ, കോഴിക്കോട് ജില്ലാ പഞ്ചായത്ത്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള
ഡയറക്ടർ, കേരള സ്റ്റേറ്റ് ഓഡിറ്റ് വകുപ്പ്
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം
ധനകാര്യ (നോഡൽ സെന്റർ - സി) വകുപ്പ്
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം
ഓഫീസ് കോപ്പി/ സ്റ്റോക്ക് ഫയൽ (1290000)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ